## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5 **26.02.2018-** ൽ മറുപടിയ്ക്ക്

## മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനായി പ്രത്യേക വകുപ്പ്

ചോദ്യം

ശ്രീ.കെ.കൃഷ്ണൻകുട്ടി
ശ്രീ.സി.കെ നാണു
ശ്രീ.കോവൂർ കുഞ്ഞുമോൻ
ശ്രീ.കെ.ബി ഗണേഷ് കുമാർ

മറുപടി

പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | 2009-ൽ ആസൂത്രണ ബോർഡ് നടത്തിയ സർവ്വെയിൽ കേരളത്തിൽ ഒറ്റയ്ക്ക് താമസിക്കുന്ന 60-നും 65-നും ഇടയിൽ പ്രായമുള്ളവരിൽ 7.5 ശതമാനവും 75- നും 79-നും ഇടയിൽ പ്രായമുള്ളവരിൽ 11.3 ശതമാനവും എൺപത് വയസ്സിലധികമുള്ളവരിൽ 10.3 ശതമാനവും ഏകാന്തതയനുഭവിക്ക ന്നതായി രേഖപ്പെടുത്തിയിട്ടുള്ളതു് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിലുള്ള സർവ്വെയോ പഠനമോ പിന്നീട് നടന്നിട്ടുണ്ടോ; ഇത്തരത്തിലുള്ളവരെ സംരക്ഷിക്കാൻ നിലവിൽ എന്തെല്ലാം സംവിധാനങ്ങളുണ്ടെന്നു വ്യക്തമാക്കുമോ? | (എ) | ആസൂത്രണ ബോർഡ് ഇത്തരത്തിലുള്ള പഠനങ്ങളോ സർവ്വെയോ നടത്തിയിട്ടില്ല. എങ്കിലും സംസ്ഥാനത്ത് പകൽ സമയങ്ങളിൽ വീട്ടിൽ ഒറ്റപ്പെടലും ഏകാന്തതയും അനുഭവിക്കുന്ന വയോജനങ്ങൾക്ക് പകൽ സമയം മാനസിക സ്വാസ്ഥ്യത്തോടെ ചെലവഴിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്ന പകൽ വീടുകൾക്ക് അധിക സൗകര്യങ്ങൾ നൽകികൊണ്ട് 'സായംപ്രഭ' ഹോമു-കളാക്കി അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള 'സായംപ്രഭ ഹോം' പദ്ധതി ആരംഭിച്ചിട്ടുണ്ട്. കൂടാതെ തീർത്തും ഒറ്റപ്പെട്ട് പോകുന്ന വയോജനങ്ങൾക്കായി സംസ്ഥാന സർക്കാരിനു കീഴിൽ 16 വൃദ്ധ സദനങ്ങൾ ആധുനിക സൗകര്യങ്ങളോടു കൂടി പ്രവർത്തിച്ചു വരികയും ചെയ്യുന്നു.<br>തിരുവനന്തപുരം ആസ്ഥാനമായുള്ള 'സെന്റർ ഫോർ ജറന്റോളജിക്കൽ സ്റ്റഡീസ്' എന്ന സ്ഥാപനത്തെ സംസ്ഥാനത്തെ 60 വയസ്സു കഴിഞ്ഞ വയോജനങ്ങളുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനു നിയോഗിക്കുകയും ടി |

| | | | |
|---|---|---|---|
| | | | സ്ഥാപനം പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിരുന്നു. ടി പഠന റിപ്പോർട്ടിൽ വയോജനങ്ങളുടെ ആരോഗ്യപരമായ വിഷയങ്ങളാണ് പഠന വിധേയമാക്കിയിട്ടുള്ളത് എന്നതിനാൽ പ്രസ്തുത റിപ്പോർട്ടിലെ കണ്ടെത്തലു-കളിന്മേൽ അഭിപ്രായം അറിയിക്കുന്നതിനും ആവശ്യമായ തുടർ നടപടി സ്വീകരിക്കുന്നതിനുമായി ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് ടി റിപ്പോർട്ട് അയച്ചു കൊടുത്തിട്ടുണ്ട്. |
| (ബി) | വിദേശരാജ്യങ്ങളിലുള്ളത് പോലെ മുതിർന്ന പൗരന്മാരുടെ ജീവിതം സന്തുഷ്ടമാക്കാൻ പ്രത്യേക വകുപ്പ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | (ബി) | തത്ക്കാലം സർക്കാരിന്റെ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**